പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3364 — 18.2.2013-ൽ മറുപടിക്ക്

## സമ്പൂർണ്ണ ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.അജിത് | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സമ്പൂർണ്ണ ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ചു വ്യക്തമാക്കുമോ ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സമ്പൂർണ്ണ ശുചിത്വ മിഷന്റെ ഭാഗമായ വിവിധ പ്രവർത്തനങ്ങൾക്കായി 7874.99 ലക്ഷം രൂപചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ളവിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | ആകെ (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ആലപ്പുഴ | 407.16 |
| 2 | എറണാകുളം | 546.08 |
| 3 | ഇടുക്കി | 588.66 |
| 4 | കണ്ണൂർ | 861.3 |
| 5 | കാസറഗോഡ് | 376.78 |
| 6 | കൊല്ലം | 390.22 |
| 7 | കോട്ടയം | 653.91 |
| 8 | കോഴിക്കോട് | 113.93 |
| 9 | മലപ്പുറം | 793.57 |
| 10 | പാലക്കാട് | 938.37 |
| 11 | പത്തനംതിട്ട | 395.96 |
| 12 | തിരുവനന്തപുരം | 1097.63 |
| 13 | തൃശ്ശൂർ | 604.92 |
| 14 | വയനാട് | 106.5 |
| | ആകെ | 7874.99 |

| | | | |
|---|---|---|---|
| ബി) | സമ്പൂർണ്ണ ശുചിത്വമിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഇവ ഏതൊക്കെ ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ ; | ബി) | ഖര-ദ്രവ മാലിന്യ പരിപാലനം ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമ പഞ്ചായത്തുകളിൽ നിലവിലുള്ള പൊതു മാലിന്യസംസ്കരണ പ്ലാന്റുകളുടെ നവീകരണം, ഉറവിട മാലിന്യസംസ്കരണത്തിനുള്ള പ്രോത്സാഹനം, ഗ്രാമ പഞ്ചായത്തുകളിൽ, സ്ളോട്ടർ ഹൗസ്, ആശുപത്രികളിൽ മലിനജല സംസ്കരണം, പ്ളാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റുകൾ, റിസോഴ്സ് റിക്കവറി സെന്ററുകൾ എന്നിവയുടെ സ്ഥാപനം, വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ, പ്രീമൺസൂൺ ക്ളിനിംഗ് കാമ്പയിനുകൾ, പഠനങ്ങൾ, ശേഷീവികസനപ്രവർത്തനങ്ങൾ, വിവരവിജ്ഞാന വ്യാപന പ്രവർത്തന |

ങ്ങൾ, എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. ഖരദ്രവ മാലിന്യ പരിപാലന രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ നിർവഹിക്കുന്നതിന് നിർവഹണ ഏജൻസികളായി 4 അക്രഡിറ്റഡ് ഏജൻസികളെയും 86 സർവീസ് പ്രൊവൈഡർമാരെയും പട്ടികപ്പെടുത്തിയിട്ടുണ്ട്.
(ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു).

| | |
|---|---|
| സി) സമ്പൂർണ്ണ ശുചിത്വമിഷന്റെ പ്രവർത്തന പുരോഗതിയെ സംബന്ധിച്ച് ഏതൊക്കെ തലങ്ങളിലാണ് അവലോകനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ? | സി) ജില്ലാതലത്തിൽ കുടിവെള്ള ശുചിത്വ കമ്മിറ്റിയും സംസ്ഥാനതലത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയും, ഗവേണിംഗ് ബോഡിയും സർക്കാരും സമ്പൂർണ്ണ ശുചിത്വ മിഷന്റെ പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം [illegible]ിൽ ലഭ്യമാണ്